**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3235

16/12/2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

# കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷ്യമേള

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ.കെ.ടി.ജലീൽ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗൾഫ് നാട്ടുകളിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ2015 ഏപ്രിൽ 9 മുതൽ 18 വരെ മലയാള മനോരമ ഗൾഫ് കേരള ഫെസ്റ്റ് 2015 എന്ന പേരിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നു. 2015 ഏപ്രിൽ 9 മുതൽ 12 വരെ അബുദാബിയിലും 16 മുതൽ 18 വരെ ദുബായിലുമായിരുന്നു സംഘടിപ്പിച്ചത്. |
| (ബി) | ഭക്ഷ്യമേള സംഘടിപ്പിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അത് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; | (ബി) | കുടുംബശ്രീ സ്ത്രീകളുടെ കൈപ്പുണ്യത്തിലൂടെ ഉടലെടുക്കുന്ന തനതു രുചികളെ ലോകത്തിന്റെ മുമ്പിൽ തുറന്നു കാട്ടുന്നതിനുള്ള ഒരു ഉദ്യമമായിരുന്നു ഈ ഭക്ഷ്യമേള. കുടുംബശ്രീയ്ക്ക് ലോക ശ്രദ്ധയും മാധ്യമ ശ്രദ്ധയും ആർജ്ജിക്കുന്നതിനുള്ള ഒരു അവസരമായിരുന്നു ഇത്.<br>കുടുംബശ്രീ സംരംഭകർക്ക് സ്വയം സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരു ഉത്തേജനം ദുബായ് ഫെസ്റ്റിലൂടെ ലഭിച്ചിട്ടുണ്ട്.<br>പല രാജ്യങ്ങളിൽ നിന്നും സമാനമായ ഭക്ഷ്യമേള നടത്തുന്നതിനുള്ള ക്ഷണം കുടുംബശ്രീയ്ക്ക് ലഭിച്ചുവരുന്നു.<br>ഭക്ഷ്യമേളയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലുപരി സംരംഭക സ്ത്രീകൾക്ക് ലഭിക്കുന്ന ആത്മവിശ്വാസം, അവസരങ്ങൾ കൂടാതെ വ്യത്യസ്തമായ സംസ്കാരങ്ങളെ പരിചയപ്പെടുന്നതിനും കൂടുതൽ കാര്യങ്ങൾ പഠിക്കുവാനും ഈ മേള അവസരമൊരുക്കിയിട്ടുണ്ട്. |
| (സി) | ഭക്ഷ്യമേള സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ ലഭ്യമാക്കുമോ? | (സി) | ഭക്ഷ്യമേള സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 66,56,776/-രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു.<br>വിറ്റ് വരവിനത്തിൽ 17,19,827/-രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.